പൊതുഗതാഗതത്തെ ആകെ തകിടം മറിക്കുകയും കെ.എസ്.ആർ.ടി.സി.-യെ വൻപ്രതിസന്ധിയിലാക്കുകയും ചെയ്തിട്ടുള്ളത്. ആയതുകൊണ്ടുതന്നെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികൾ എത്രത്തോളമാണെന്ന് വിലയിരുത്താൻ നിലവിലെ സാഹചര്യത്തിൽ കഴിയാത്ത അവസ്ഥയിലാണ്.

(ഡി) സുശീൽ ഖന്ന റിപ്പോർട്ട് നടപ്പാക്കിയിട്ടും കെ.എസ്.ആർ.ടി.സി.-യെ ശക്തിപ്പെടുത്തുന്നതിൽ പരാജയപ്പെട്ടതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ; ശമ്പളവും പെൻഷനും മുടങ്ങാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

സുശീൽ ഖന്ന റിപ്പോർട്ട് നടപ്പാക്കിയിട്ടും കെ.എസ്.ആർ.ടി.സി.-യെ ശക്തിപ്പെടുത്തുന്നതിൽ പരാജയപ്പെട്ടതായി വിലയിരുത്തുന്നില്ല. എന്നാൽ കോവിഡ്-19-ന്റെ വ്യാപനം കെ.എസ്.ആർ.ടി.സി.-യെ ആകെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. പ്രതിദിനം ശരാശരി 6.30 കോടി രൂപയും പ്രതിമാസം ശരാശരി 190 കോടി രൂപ മുതൽ 200 കോടി രൂപ വരെ വരുമാനം ലഭ്യമായിരുന്ന കെ.എസ്.ആർ.ടി.സി.-ക്ക് കോവിഡ്-19 വ്യാപനം ആരംഭിച്ചതോടുകൂടി വരുമാനം കുത്തനെ ഇടിയുന്ന സ്ഥിതി വിശേഷമാണുണ്ടായത്. ഈ പ്രതികൂല സാഹചര്യത്തിലും 2020 മാർച്ച് മാസം മുതൽ 2021 ജൂലൈ മാസം വരെയുള്ള കാലയളവിലെ പെൻഷനും ആഗസ്റ്റ് മാസം വരെയുള്ള ജീവനക്കാരുടെ ശമ്പളവും സർക്കാർ ധനസഹായം ലഭ്യമാക്കി കൃത്യമായി വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ സഹായത്തോടുകൂടി പെൻഷൻകാർക്ക് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ വിതരണം ചെയ്യുന്നതിനാൽ കോവിഡ് കാലത്തും തടസ്സമില്ലാതെ പെൻഷൻ വിതരണം ചെയ്യുവരുന്നു. ഇത്തരത്തിൽ സഹകരണ ബാങ്ക് മുഖേന നൽകുന്ന പെൻഷൻ തുകയുടെ പൂർണ്ണമായ തിരിച്ചടവ് സർക്കാർ ധനസഹായം മുഖേനയാണ് നടത്തിവരുന്നത്.

**ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിൽ വരുത്തിയ മാറ്റങ്ങൾ**

20 (*410) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനുമായി മോട്ടോർ വാഹന വകുപ്പ് നടത്തിവരുന്ന ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റുകൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് പാലിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ഡ്രൈവിംഗ് ടെസ്റ്റുകൾ രണ്ട് ഭാഗങ്ങളായാണ് നടത്തി വരുന്നത്. ഭാഗം ഒന്നിൽ മോട്ടോർ സൈക്കിളുകൾക്ക് '8' ഉം മോട്ടോർ കാറുകൾ ഉൾപ്പെടെയുള്ള വാഹനങ്ങൾക്ക് 'H' ഉം ഹെവിവാഹനങ്ങളുടെ ടെസ്റ്റിന് 'T' ട്രാക്കും ഉപയോഗിച്ചുവരുന്നു. ഭാഗം 2-ൽ വാഹനം റോഡിൽ ഓടിപ്പിച്ച് കാര്യക്ഷമതയും വിവിധ സിഗ്നലുകൾ ഉപയോഗിക്കുന്നതിനുള്ള വൈദഗ്ധ്യവും പരിശോധിച്ചുവരുന്നു. പ്രസ്തുത ടെസ്റ്റുകൾ കാര്യക്ഷമമാക്കുന്നതിന് കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവർ ടെസ്റ്റിംഗ് സെന്ററുകൾ 6 സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്നു. നാല് സ്ഥലങ്ങളിൽ ഇത് പൂർത്തിയായിവരുന്നു. ഡ്രൈവിംഗ് സ്കൂളുകളുടെ സ്ഥലസൗകര്യം, ഇൻസ്ട്രക്ടർമാരുടെ യോഗ്യത എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കോവിഡ്-19 മഹാമാരി തുടങ്ങുന്നതിന് മുൻപ് എല്ലാ അപേക്ഷകർക്കും പ്രീ-ലേണേഴ്സ് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിരുന്നു.

(ബി) കേന്ദ്ര സർക്കാർ ഭേദഗതി ചെയ്ത മോട്ടോർ വാഹന നിയമത്തിൽ ലൈസൻസ് ടെസ്റ്റിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണ്?

GSR 394(E) dated 7-6-2021-ലെ പ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപന പ്രകാരം കേന്ദ്ര മോട്ടോർ വാഹന ചട്ടം 31-ൽ വരുത്തിയിട്ടുള്ള ഭേദഗതി അനുസരിച്ച് നിലവിലുള്ള ഡ്രൈവിംഗ് സ്കൂൾ സംവിധാനത്തിന് സമാന്തരവും ക്രമീകൃതമായതും ഉയർന്ന നിലവാരത്തിലുള്ള ഡ്രൈവിംഗ് പരിശീലനം ലക്ഷ്യമാക്കിക്കൊണ്ടും അക്രഡിറ്റഡ് ഡ്രൈവർ ടെയിനിംഗ് സെന്ററുകൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ പ്രവർത്തനാനുമതിയുള്ള ഡ്രൈവിംഗ് പരിശീലന സ്ഥാപനങ്ങൾ സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. അവയിൽനിന്നും പരിശീലനം പൂർത്തിയാക്കുന്നവർക്ക് മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ നിയമാനുസരണം ടെസ്റ്റ് നടത്തി ലൈസൻസ് നൽകുന്നു. എന്നാൽ അക്രഡിറ്റഡ് ഡ്രൈവർ ടെയിനിംഗ് സെന്ററുകളിൽ നിശ്ചിത കാലയളവിൽ പങ്കെടുത്ത് Proficiency Certificate കരസ്ഥമാക്കുന്നവർക്ക് ആ സർട്ടിഫിക്കറ്റ് ലൈസൻസിംഗ് അതോറിറ്റി മുമ്പാകെ ഹാജരാക്കിയാൽ ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥയാണ് പുതിയ നിയമത്തിലുള്ളത്. എന്നാൽ കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 9(3)-ൽ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന വിധം ടെസ്റ്റ് പാസാകുന്നവർക്ക് മാത്രമേ ലൈസൻസ് നൽകുവാൻ പാടുള്ളൂവെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ടെസ്റ്റ് ഒഴിവാക്കി നൽകേണ്ടുന്ന സാഹചര്യങ്ങൾ സെക്ഷൻ 9(3)(a) (i) മുതൽ (iii) വരെ വ്യക്തമാക്കിയിട്ടുണ്ട്. അവയിലൊന്നും തന്നെ അക്രഡിറ്റഡ് ഡ്രൈവിംഗ് സെന്ററുകൾ വഴി പരിശീലനം നേടുന്നവർക്ക് ടെസ്റ്റ് ഒഴിവാക്കണം എന്ന പരാമർശമില്ല. ഭേദഗതി ചെയ്യപ്പെട്ട കേന്ദ്ര മോട്ടോർ വാഹന ചട്ടം 31 J (6) പ്രകാരം ഡ്രൈവിംഗ് സംബന്ധമായ തിയറി പാസായവർക്ക് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറുടെ

LIBRARY ARCHIVES Kerala Legislative Assembly

ടെസ്റ്റുകൂടി പാസായാൽ മാത്രമേ Proficiency Test Certificate നൽകാൻ കഴിയുകയുള്ളൂ. അത് ലൈസൻസിംഗ് അതോറിറ്റി മുമ്പാകെ ഹാജരാക്കി ലൈസൻസ് ലഭ്യമാക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്. National Skill Development Corporation (NSDC) and Standardization Testing and Quality Certification (STQC) Guidance and Requirements എന്നിവയ്ക്കനുസൃതമായി വിഭാവനം ചെയ്തിരിക്കുന്നു. ഇത്തരത്തിൽ അക്രഡിറ്റഡ് ഡ്രൈവിംഗ് കേന്ദ്രങ്ങളിലെ പരിശീലനവും ടെസ്റ്റിംഗ് രീതികളും റൂൾ 31(എഫ്) പ്രകാരം പരിശോധിക്കാൻ വ്യവസ്ഥയുണ്ട്. നിർദ്ദിഷ്ട നിലവാരം പുലർത്താൻ കഴിയില്ലെന്ന് കാണുന്ന പക്ഷം റൂൾ 31(ജി) പ്രകാരം നടപടികൾ സ്വീകരിക്കാനും വ്യവസ്ഥയുണ്ട്.

(സി) പ്രസ്തുത നിയമത്തിൽ കർശനമായി പാലിച്ചുവന്ന എട്ട്, എച്ച് തുടങ്ങിയ പ്രായോഗിക ടെസ്റ്റുകൾ ഒഴിവാക്കി ലഘുവായ പരീക്ഷകൾ മാത്രമാക്കി ചുരുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് ഡ്രൈവിംഗ് നിലവാരത്തെ ബാധിക്കുമെന്ന് കരുതുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

(സി&ഡി) കേന്ദ്ര സർക്കാർ ഭേദഗതി ചെയ്ത മോട്ടോർവാഹന നിയമത്തിൽ 8, H തുടങ്ങിയ പ്രായോഗിക ടെസ്റ്റുകളെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ 8, H എന്നീ ടെസ്റ്റുകൾ നടത്തിവരുന്നത്. കേന്ദ്ര സർക്കാർ ഭേദഗതി ചെയ്ത ചട്ടത്തിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ടെസ്റ്റ് നടത്തിയതിനുശേഷം മാത്രമെ Proficiency Test Certificate നൽകുകയുള്ളൂ. ഇതുപ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിലവിലുള്ള നിർദ്ദേശങ്ങൾ അനുസരിച്ചുള്ള 8, H ടെസ്റ്റുകൾ തുടരുന്നതാണ്.

**ചെറുകിട, നാമമാത്ര കർഷകർക്ക് ആശ്വാസ പദ്ധതികൾ**

21 (*411) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ചെറുകിട, നാമമാത്ര കർഷകരുടെ കാർഷിക വായ്പകൾ എഴുതിത്തള്ളുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?